



# മഹാത്മാഗാന്ധിദേശീയ ഗ്രാമീണ

# തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരള

# തിരുവനന്തപുരം ജില്ല

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക്  - പാറശാല

ഗ്രാമപഞ്ചായത്ത്- പാറശ്ശാല

വാർഡ് -ഇഞ്ചിവിള  (16)

ഗ്രാമസഭ തീയതി : 16/10/2019

സമയം                : 3.00 മണി

***ആമുഖം***

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിതം സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനു വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത് പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണജനത ബുദ്ധിമുട്ടുമ്പോൾ അവർക്ക് 100 ദിവസത്തെ തൊഴിൽ എങ്കിലും ഉറപ്പുവരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴിൽ നൽകുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ തൊഴിൽ ലഭിക്കുന്നു എന്നും അതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള വേതനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് ഇന്ത്യൻ പാർലമെന്റ് പാസാക്കിയ നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. 2005 ഓഗസ്റ്റ് 23 ആം തീയതി യാണ് പാർലമെന്റ് ഈ നിയമം പാസാക്കുന്നത്.

തൊഴിലും വേതനവും നിർദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം പരമാവധി ഉറപ്പുവരുത്തുന്നു എന്നാണ് ഈ നിയമത്തിലെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം തൊഴിൽ എടുത്തശേഷം വേതനം വൈകുകയോ ലഭിക്കാതിരിക്കുകയും ചെയ്താൽ നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു..

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയിരിക്കണം എന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ അവർക്ക് തൊഴിലില്ലായ്മ വേതനം അർഹതയുണ്ടായിരിക്കും. അതുപോലെ ചെയ്ത തൊഴിൽ വേതനം 14 ദിവസത്തിൽ കൂടുതൽ വൈകിയാൽ വൈകുന്ന ഓരോ ദിവസവും നഷ്ടപരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. തൊഴിൽ ആവശ്യപ്പെടുന്ന വർക്ക് തൊഴിലോ തൊഴിലില്ലായ്മ വേതനം ഉറപ്പായും ഉറപ്പു വരുത്തണം എന്നാണ് തൊഴിലുറപ്പ് നിയമത്തിന്റെ പ്രത്യേകത.

ഇന്ത്യയിലെ ഏറ്റവും പിന്നോക്കം ആയ 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവരി 2 തീയതി ഈ നിയമം നിലവിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തിൽ

വയനാടും പാലക്കാടും ഈ 200 ജില്ലകളിൽ ഉൾപ്പെട്ടിരിക്കുന്നു. 2007 മെയ് 15ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി കാസർഗോഡ് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു. 2008 ഏപ്രിൽ ഒന്നിന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ന് ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്. ആഗോളതലത്തിൽ സവിശേഷ ശ്രദ്ധയാകർഷിച്ച ഒരു അവകാശ അധിഷ്ഠിത തൊഴിൽ നിയമം എന്ന നിലയിലും ഗ്രാമീണമേഖലയിൽ ദാരിദ്ര ലഘൂകരണ ത്തിൽ നിർണായകമായ വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത് പദ്ധതി എന്ന കാര്യം പരിഗണിച്ചു 2009 ഒക്ടോബർ രണ്ടാം തീയതി കേന്ദ്രസർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്ന് പുനർനാമകരണം ചെയ്തു.

## തിരുവനന്തപുരം ജില്ല

കേരളത്തിന്റെ തെക്കേ അറ്റത്തുള്ളതും സംസ്ഥാനത്തിന്റെ തലസ്ഥാന നഗരം ഉൾക്കൊള്ളുന്നതുമായജില്ല. ഭാരതത്തിന്റെ തെക്കേ അറ്റമായ കന്യാകുമാരി തിരുവനന്തപുരം ജില്ലയുടെ അതിരായ പാറശാലയിൽ നിന്നും 56 കിലോമീറ്റർ അകലെയായി സ്ഥിതി ചെയ്യുന്നു

## പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

തമിഴ്നാടിന്റെ അതിർത്തിയും കേരളത്തിൻറെ തെക്കേ അറ്റവുമായ ബ്ലോക്ക് പഞ്ചായത്താണ് പാറശാല ബ്ലോക്ക് പഞ്ചായത്ത്. തമിഴ്, മലയാളം എന്നീ ഭാഷകളുടെ സംഗമ സ്ഥാനം കൂടി ആയതിനാൽ ജനങ്ങൾക്ക് കലയോടും സംസ്കാരത്തോടും നല്ല മതിപ്പുണ്ട്. പരമ്പരാഗത കുടിൽ വ്യവസായമായ കരിപ്പട്ടി നിർമാണത്തിൽ തുടങ്ങി ആധുനിക വ്യവസായ സംരംഭങ്ങൾ വരെ ഇവരുടെ ജീവിതത്തെ സ്വാധീനിക്കുന്നുണ്ട്. ഭൂരിഭാഗം ആളുകളും ദ്വിഭാഷികളാണ്.

പാറശ്ശാല ബ്ലോക്ക് പരിധിയിൽ ചെങ്കൽ, കാരോട്, കുളത്തൂർ, പൂവാർ, തിരുപുറം, പാറശ്ശാല എന്നിങ്ങനെ ആറ് പഞ്ചായത്തുകളാണ് ഉള്ളത്.

## പാറശ്ശാല പഞ്ചായത്ത്

ഇഞ്ചിവിള പാറശ്ശാല വില്ലേജ് യൂണിയന് ആയിരുന്നു. സർക്കാർ നോമിനേറ്റ് ചെയ്യുന്നവരായിരുന്നു അംഗങ്ങൾ. 1952 ൽ പഞ്ചായത്ത് ആക്ട് നിലവിൽ വന്നതോടെ വല്ലേജ് യൂണിയൻ പഞ്ചായത്തായിമാറി. 1953 ൽ ജനാധിപത്യരീതിയിൽ നടന്ന തെരഞ്ഞെടുപ്പിൽ എസ്. സെൽവനായകം പ്രസിഡന്റ് ആയി.

ഇവിടുത്തെ ജനങ്ങളിൽ ഭൂരിവിഭാഗം സാക്ഷരർ ആണ്. ജനങ്ങളുടെ പ്രധാന

വരുമാനമാർഗ്ഗം കൃഷിയാണ്.

അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വില്ലേജ് | - പാറശ്ശാല |
| താലൂക്ക് | - നെയ്യാറ്റിൻകര |
| വിസ്തീർണ്ണം | - 20.02 ച സെ മി |

വാർഡുകളുടെ എണ്ണം - 23

അതിരുകൾ

| | |
|---|---|
| കിഴക്ക് | - കന്യാകുമാരി ഡിസ്ട്രിക്ട് |
| പടിഞ്ഞാറ് | - ചെങ്കൽ പഞ്ചായത്ത് |
| തെക്ക് | - അറബിക്കടൽ |
| വടക്ക് | - പെരുങ്കടവിള ബ്ലോക്ക് |

ഇഞ്ചിവിള വാർഡ്

വാർഡിൽ കാർഷിക വൃത്തിക്കാണ് പ്രധാന പ്രാമുഖ്യം നല്കിയിരിക്കുന്നത്. ഇഞ്ചിവിള വാർഡിനെ വർണ്ണശോഭിതം ആക്കുന്നത് പ്രകൃതി ഒരുക്കുന്ന പച്ചപ്പും വയലേലകളും ചെറുതും വലുതുമായ ജലസ്രോതസ്സുകളും ആണ്. ഭൂരിഭാഗം സ്ഥലങ്ങളും കൃഷിക്കായി ഉപയോഗം ആക്കിയിരിക്കുന്നത് ആണ് വാർഡിൽ കാണാൻ സാധിക്കുന്നത്.

അതിരുകൾ

| | |
|---|---|
| തെക്ക് | : കോഴിവിള |
| വടക്ക് | : നടുത്തോട്ടം |
| കിഴക്ക് | : കളിയിക്കാവിള |
| പടിഞ്ഞാറ് | : പാറശ്ശാല ടൗൺ |
| ജനസംഖ്യ | : 2128 |
| വീടുകൾ | : 647 |
| കുടുംബശ്രീ യൂണിറ്റുകൾ | :18 |
| പൊതു കുളങ്ങൾ | : 4 |

നീർച്ചാലുകൾ : 7

തോടുകൾ : 2

അംഗനവാടികൾ : 2

സ്കൂൾ : 1

മൃഗാശുപത്രി : 0

പ്രാഥമിക ആരോഗ്യ കേന്ദ്രം : 0

തൊഴിൽ കാർഡ് ഉടമകളുടെ എണ്ണം : 293

സജീവതൊഴിലാളികളുടെ എണ്ണം :

രീതിശാസ്ത്രം

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരള, തിരുവനന്തപുരം ജില്ല- പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സനിന്റെ സഹായത്തോടെ വില്ലേജ് റിസോഴ്സ് പെഴ്സൻസ് ആണ് തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിലെ പാറശ്ശാല ഗ്രാമ പഞ്ചായത്ത് വാർഡ് 16(ഇഞ്ചിവിള ).

ആദ്യഘട്ടം:

പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് , വാർഡ് മെമ്പർ, എൻ ആർ ഇ ജി എസ് സ്റ്റാഫ് എന്നിവരുമായി സോഷ്യൽ ഓഡിറ്റ് പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സൺ വാർഡ് 13 ൽ നടത്തേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ച.

രണ്ടാം ഘട്ടം:

2018 ഒക്ടോബർ മാസം ഒന്നാം തിയതി മുതൽ 2019 മാർച്ച് മാസം വരെ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ, എം ഐ എസ് എന്നിവ പരിശോധിക്കൽ.

മൂന്നാം ഘട്ടം:

പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയിടങ്ങൾ പരിശോധിക്കൽ,

ചെയ്ത പ്രവൃത്തികളുടെ അളവുകൾ പരിശോധിക്കൽ

നാലാം ഘട്ടം:

ഗുണഭോക്താക്കളോട് പ്രവൃത്തികളുടെ ഗുണഫലങ്ങൾ ചോദിച്ചറിയുകയും, സജീവ തൊഴിലാളികളെകണ്ട് തൊഴിൽകാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ച് അഭിമുഖം നടത്തലും വിവരശേഖരണം നടത്തലും

.

അഞ്ചാം ഘട്ടം:

ഫീൽഡ് പരിശോധനയുടെയും ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെയെന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നും ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ സോഷ്യൽ ഓഡിറ്റ്.

<u>സോഷ്യൽ ഓഡിറ്റ്</u>

മറ്റു പദ്ധതിയിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തമാക്കുന്നത് സോഷ്യൽ ഓഡിറ്റ് ആണ്. തൊഴിലുറപ്പ് നിയമം 17( 2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ നടത്തണമെന്ന് സുതാര്യത ഉറപ്പു വരുത്തണമെന്നും അനുശാസിക്കുന്നു. സോഷ്യൽ ഓഡിറ്റിനു വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുക, രജിസ്റ്ററുകളും റെക്കോർഡുകളും ലഭ്യമാക്കുക, എന്നിവ ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ ആണ്.

ഗ്രാമസഭകൾ ആണ് സോഷ്യൽ ഓഡിറ്റ് വേദികൾ ഗ്രാമസഭ ആറുമാസത്തിലൊരിക്കൽ നിർബന്ധമായും സോഷ്യൽ ഓഡിറ്റ് നടത്തിയിരിക്കണം. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ വിജയം ജനങ്ങളുടെ പങ്കാളിത്തമാണ്. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ തീയതി,അജണ്ട, വേദി എന്നിവ നിശ്ചയിച്ച 7 ദിവസം മുൻപ് ജനങ്ങൾക്ക്

വിവരം നൽകിയിരിക്കണം. പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്, തുടങ്ങി ചുമതലകൾ ഉള്ള എല്ലാ വ്യക്തികളും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കണം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സുഗമമായും സുതാര്യമായും സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ്( as per GO (Rt) No.3906/2015/LSGD,Dated 30.12.2015) 31.1.2017 നിലവിൽവന്നു. യൂണിറ്റ് ട്രാവൻകൂർ ചാരിറ്റബിൾ സൊസൈറ്റി നിയമം 1955 (No.TVM/TC/123/2017)പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്

1. തൊഴിൽ കാർഡിനുള്ള കുടുംബപേക്ഷകരുടെ രജിസ്റ്റർ
2. ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ
3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ
4. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ
5. സ്ഥിതി ആസ്തികളുടെ രജിസ്റ്റർ
6. സാധന രജിസ്റ്റർ

7 ഗ്രാമസഭ രജിസ്റ്റർ

## 7 Registers പരിശോധന വിശദാംശങ്ങൾ

### 1. job card register (തൊഴിൽ കാർഡിനുള്ള കുടുംബപേക്ഷകരുടെ രജിസ്റ്റർ)

293 തൊഴിലാളികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നതിൽ 12 തൊഴിലാളികളുടെ ഫോട്ടോ പതിച്ചിട്ടില്ല.

2. Demand register, payment of allocation of work

(ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ)

ഓരോ തൊഴിലാളികളും എത്ര ദിവസം ജോലി ചെയ്തു, അവരുടെ വേതനം മസ്റ്ററോൾ നമ്പർ, വർക്ക് കോഡ് എന്നിവ ഉണ്ടായിരുന്നു.

3. work register (തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ )

* 80 പ്രവർത്തികളുടെ വിശദ വിവരങ്ങൾ നൽകിയിരുന്നു.

* 2018 -19, 2019- 20 എന്നീ സാമ്പത്തിക വർഷങ്ങളിലെ രേഖപ്പെടുത്തലുകളും തുടർന്നുള്ള രേഖപ്പെടുത്തലുകളും ഉണ്ടായിരുന്നു.

4. Fixed asset register (. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ)

31/3/2018 വരെ പൂർത്തീകരിച്ച പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു.

5. പരാതി register

2018 ൽ രജിസ്റ്റർ ചെയ്തിട്ടുള്ള രണ്ട് പരാതികൾ മാത്രമാണ് ഉണ്ടായിരുന്നത്.

6. Material register (. സാധന രജിസ്റ്റർ )

2017 -18 മുതൽ 2019- 20 സാമ്പത്തിക വർഷം വരെയുള്ള പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു.

7. ഗ്രാമസഭ രജിസ്റ്റർ

14 /2 /2008 മുതലുള്ള ഗ്രാമസഭ മിനിറ്റസുകൾ രേഖപ്പെടുത്തിയിരിക്കുന്നു എന്നാൽ മിനിറ്റ്സുകൾ പൂർണ്ണം അല്ലായിരുന്നു.

കേന്ദ്രസർക്കാരിന്റെ  നിർദ്ദേശപ്രകാരം ഒരു വർക്ക് ഫയലിൽ താഴെ പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്.

1) കവർ പേജ്

2) ചെക്ക് ലിസ്റ്റ്

3) ആക്ഷൻ പ്ലാൻ /ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി

4) സാങ്കേതികഎസ്റ്റിമേറ്റുംഡിസൈനും അടങ്ങുന്ന സാങ്കേതികഅനുമതിയുടെകോപ്പി

5) ഭരണാനുമതിയുടെ കോപ്പി

6) സങ്കേതികാനുമതിയുടെ കോപ്പി

7) സംയോജിത പദ്ധതി വിശദാംശങ്ങൾ

8) തൊഴിലാളികൾ  തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ

9) തൊഴിൽ  അനുവദിച്ചുകൊണ്ടുള്ള രേഖയുടെ കോപ്പി

10) പൂരിപ്പിച്ച മസ്റ്റർ റോൾ കോപ്പി

11) മെഷർമെൻറ് ബുക്കിന്റെ   കോപ്പി

12) സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരിറ്റീവ് സ്റ്റേറ്റ്മെൻറന്റിയും മെറ്റീരിയൽ സപ്ലൈ ഓർഡർന്റെയും  കോപ്പി.

13) വേജ് ലിസ്റ്റ്

14) വേതനത്തിന്റെയും സാധനങ്ങൾക്ക് പണമടച്ചതിന്റെയും FTO യുടെയും കോപ്പി

15) മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളുടെയും കോപ്പി

16) റോയലിറ്റി അടച്ചതിന്റെ രസീതിന്റെ കോപ്പി

17) തൊഴിലിന്റെ മൂന്ന് ഘട്ടങ്ങളിലുള്ള ഫോട്ടോകൾ

18) പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ കോപ്പി

19) മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്

20) ആസ്തിയുടെ ജിയോ ടാഗ്ഡ് ഫോട്ടോകൾ

21) സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി

22) സൈറ്റ് ഡയറി

**സോഷ്യൽ ഓഡിറ്റിനു വിധേയമാക്കിയ പ്രവർത്തികൾ**

- ഭൂവികസന പ്രവൃത്തികൾ WC/328528

Start date : 3/10/2018

End date : 19/1/2019

Expenditure :Rs489303

മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ IC/336662

Start date : 29/1/2019

End date : 28/3/2019

Expenditure :Rs 437177

കിണർ നിർമ്മാണം DW/ 321706

Start date : 4/7/2018

End date : 19/9/2018

Expenditure : Rs 90826

കിണർ നിർമ്മാണം WC /321708

start date : 5/12/2018

End date : 21/2/2019

Expenditure: Rs 90712

കിണർ നിർമ്മാണം

DW/321705

Start date : 4/7/2018

End date : 21/2/2019

Expenditure : Rs 90712

🥛 കിണർ നിർമ്മാണം DW/321707

Start date :

End date :

Expenditure : Rs

🥛 ലൈഫ് ഭവന നിർമ്മാണ പദ്ധതികൾ

* ബിന്ദു IF/370558

* സെൽവി IF/370556

* വിജിത്ര IF/383274

* സൈദലിഫാത്തിമ IF370552

*ആയിഷ ബിവി IF/370552

* മിനി IF/370557

* സരിത IF/371208

* നബീസ ബിവി IF/375171

ലൈഫ് ഫയൽ പരിശോധന വിവരങ്ങൾ

🥛 ഭരണ അനുമതി, സാങ്കേതിക അനുമതി, വിശദമായ എസ്റ്റിമേറ്റ്, ഫോട്ടോ, വേജ് ലിസ്റ്റ് തുടങ്ങിയ രേഖകൾ എല്ലാ ഫയലിലും ഇല്ലായിരുന്നു.

🥛 മസ്റ്ററോളിൽ രേഖപെടുത്തലുകൾ പൂർണമാണ്. എന്നാൽ ആവശ്യമായ

സാക്ഷ്യപെടുത്തലുകൾ ഇല്ല.

- ഓരോ മെഷർമെന്റ് ബുക്കിലും വിശദമായി രേഖപെടുത്തൽ ഉണ്ടായിരുന്നു .

- FTO ഉണ്ടായിരുന്നു.

ഫീൽഡ്

- ഒരു വീട് ഒഴികെ മറ്റെല്ലാ വീടുകളും പൂർത്തിയായ നിലയിൽ ആണ് .

- പഞ്ചായത്തിൽ എത്തിയാണ് ഗുണഭോക്താക്കൾ മസ്റ്റ് റോളുകളിൽ ഒപ്പ് രേഖപ്പെടുത്തുന്നത് എന്നാൽ എത്ര ദിവസത്തെ മസ്റ്ററോളുകൾ ലഭ്യമായിട്ടുണ്ട് എന്ന് ഇവർക്ക് വ്യക്തമായി അറിയില്ല.

പ്രവർത്തിയുടെ വിശദാംശങ്ങളിലേക്ക്

- ഭൂവികസന പ്രവൃത്തികൾ WC/328528

ഫയൽ

- കവർ പേജ് അപൂർണ്ണമായിരുന്നു.

- നിയമപ്രകാരം ഫയലിൽ ഉൾകൊള്ളിച്ചിരിക്കേണ്ട 22 രേഖകളിൽ ഭരണ അനുമതി, സാങ്കേതിക അനുമതി, വിശദമായ എസ്റ്റിമേറ്റ്, ഫോട്ടോ, വേജ് ലിസ്റ്റ്, മസ്റ്ററോൾ, മെഷർമെന്റ് ബുക്ക്, സൈറ്റ് ഡയറി എന്നീ രേഖകൾ ഫയലിൽ ഉൾകൊള്ളിച്ചിരിക്കുന്നു.

- മൂല്യ നിർണയ സാക്ഷ്യപത്രം ഉണ്ട്.

- എഴുതി തയ്യാറാക്കിയ 50 പേരുടെ ഡിമാൻഡ് ഫോം ആണ് ഉണ്ടായിരുന്നത്.

🥛 ഡിമാൻഡ് ഫോമിൽ പ്രവൃത്തി അനുവദിച്ചതായി A E സാക്ഷ്യപെടുത്തിയിരിക്കുന്നു.

🥛 മസ്റ്ററോളുകളിൽ TA ഒഴികെയുള്ള രേഖപെടുത്തലുകൾ ഉണ്ട്. എന്നാൽ പരിശോധന ഉദ്യോഗസ്ഥർ ഒപ്പും, സീലും രേഖപെടുത്തിയിട്ടില്ല.

🥛 മസ്റ്ററോളിൽ തിരുത്തലുകൾ ഇല്ലായിരുന്നു. 6 തൊഴിലാളികൾ തുടർച്ചയായി ഹാജർ ആകാത്തവരായി രേഖപെടുത്തികാണുന്നു.

🥛 തൊഴിലാളികളുടെ ഒപ്പിനുമേൽ ആബ്സെന്റ് രേഖപെടുത്തിയിരിക്കുന്നു

🥛 മസ്റ്ററോൾ നമ്പർ 10834 മേറ്റ് ഒപ്പ് രേഖപെടുത്തിയിട്ടില്ല.

🥛 കരം തീർത്ത രസീത്കൾ ഫയലിൽ ഉൾകൊള്ളിച്ചിട്ടുണ്ട്.

🥛 VMC റിപ്പോർട്ടിൽ സാക്ഷ്യപെടുത്തൽ ഇല്ല.

ഫീൽഡ്

🥛 4 പുരയിടങ്ങളിലായി പ്രവൃത്തി നടപ്പിലാക്കിയതിന്റെ രേഖകളാണ് ഫയലിൽ ഉണ്ടായിരുന്നത്.

🥛 മെഷർമെന്റ് ബുക്ക് പ്രകാരം 129- മഴക്കുഴികൾ, 413- തെങ്ങിൻ കുഴികൾ, 152- compost കുഴികൾ, 467- ബണ്ടുകൾ എന്നീ പ്രവൃത്തികൾ രേഖപെടുത്തി കാണുന്നു.

🥛 ഫീൽഡ് തല പരിശോധനയിൽ മഴക്കുഴികൾ ഒന്നും തന്നെ കാണാൻ പറ്റാത്ത വിധം മണ്ണ് കൊണ്ട് മൂടിയും, കാട് പിടിച്ചും കിടക്കുകയായിരുന്നു. 123 തെങ്ങിൻ കുഴികൾ മാത്രമേ എണ്ണാൻ സാധിച്ചുള്ളൂ. കുഴികളുടെ നീളവും വീതിയും നോക്കുമ്പോൾ തെങ്ങിൻ കുഴികളാണ് എടുത്തത് എങ്കിലും പകരം വാഴകളാണ് പല കുഴികളിലും നട്ടിരിക്കുന്നത്.

🚽 ഒരു കമ്പോസ്റ്റ്  കുഴി മാത്രമേ കാണാൻ സാധിച്ചുള്ളൂ. ബാക്കി കാണാൻ പറ്റാത്ത വിധം മണ്ണ് കൊണ്ട് മൂടിയിരിക്കുന്നു. ബണ്ടിന്റെ അവസ്ഥയും ഇത് തന്നെയാണ്. മണ്ണ് ഒലിച്ചു പോയിരിക്കുന്നു.

🚽  2 പ്രവൃത്തി സ്ഥലം കാടുപിടിച്ച നിലയിൽ ആയിരുന്നുവെങ്കിൽ  2 പ്രവൃത്തി സ്ഥലം ഉപയോഗ പ്രദമായ നിലയിൽ കാണാൻ സാധിച്ചു.

🚽  സിറ്റിസന്ന്  ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.

🚽  പ്രവൃത്തിയിലൂടെ നടപ്പിലാക്കിയ പ്രവൃത്തികൾ  കാണാൻ സാധിക്കാത്തത് ധനം  വിനിയോഗം  ചെയ്തതായി കണക്കാക്കാം.

🚽 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു.




of Kerala
വാർഡ് XVI
1 പ്രവൃത്തിയുടെ പേര്
2 ID നമ്പർ
3 എസ്റ്റിമേറ്റ് തുക



2.മണ്ണ് ജല സംരക്ഷണം (IC/336662)

ഫയൽ

- 51 പേരുടെ ഡിമാൻഡ് ഫോം ഉണ്ടായിരുന്നു, ഡിമാൻഡ് ചെയ്ത എല്ലാവർക്കും തൊഴിൽ ലഭിച്ചിട്ടുണ്ട്.
- മെഷർമെൻറ് ബുക്കിൽ പ്രവർത്തിയുടെ വിശദമായ രേഖപ്പെടുത്തലുകൾ ഉണ്ട് തൊഴിൽ ഉപകരണങ്ങളുടെ വാടകയും രേഖപ്പെടുത്തിയിട്ടുണ്ട്.
- കരം അടച്ച രസീത്കൾ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.
- മസ്റ്ററോളിൽ തിരുത്തലുകൾ ഇല്ലായിരുന്നു എന്നാൽ ദിവസവേതനം എത്ര രൂപയെന്നോ, ഷാർപ്പണിങ് ചാർജോ രേഖപ്പെടുത്തിയിട്ടില്ല.
- മസ്റ്ററോളിൽ തുടർച്ചയായി പ്രവർത്തിയിൽ ഹാജരാകാത്ത വരായ തൊഴിലാളികൾ ഉണ്ടായിരുന്നു.
- സൈറ്റ് ഡയറിയിൽ വർക്ക് കോഡ്, എസ്റ്റിമേറ്റ് തുക എന്നിവ ഉണ്ട്. പ്രവർത്തി ആരംഭിച്ച തീയതി ഉണ്ടായിരുന്നു എന്നാൽ അവസാനിച്ച തിയതി ഇല്ല.
- മൂന്ന് ഘട്ടത്തിലുള്ള ഫോട്ടോ, വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഇവ ഉണ്ടായിരുന്നു.
- മസ്റ്ററോൾ മൂവ്മെൻറ് സ്ലിപ്പ് ഉണ്ട് എന്നാൽ ഉദ്യോഗസ്ഥരുടെ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടില്ല.
- ചെക്ക് ലിസ്റ്റ്, തൊഴിൽ ഉപകരണങ്ങളുടെ വാടക സാക്ഷ്യപത്രം, VMC റിപ്പോർട്ട്, വിസിറ്റർസ് റിപ്പോർട്ട് എന്നിവ ഉണ്ടായിരുന്നു.

ഫീൽഡ്

🥛 നാല് പ്രവർത്തി സ്ഥലങ്ങളിലായി പ്രവർത്തി നടപ്പിലാക്കിയതിന്റെ രേഖകളാണ് ഫയലിൽ ഉണ്ടായിരുന്നത്.

🥛 മെഷർമെൻറ് ബുക്ക് പ്രകാരം 131 മഴക്കുഴികൾ, 18 കമ്പോസ്റ്റ് കുഴികൾ, 484 തെങ്ങിൻ കുഴികൾ, ബണ്ടുകളുടെനിർമ്മാണം എന്നീ പ്രവർത്തികൾ നടപ്പിലാക്കിയിട്ടുള്ളതായി രേഖപ്പെടുത്തി കാണുന്നു

🥛 ഒരു പ്രവർത്തി സ്ഥലത്ത് പ്രവേശിക്കാൻ വഴികൾ ഇല്ലാതിരുന്നതിനാൽ ആ പുരയിടത്തിലെ പ്രവർത്തികൾ വിലയിരുത്താൻ കഴിഞ്ഞില്ല.

🥛 മറ്റൊരാളുടെ(സെൽവമണി ) പുരയിടം അടച്ചിട്ട നിലയിലായിരുന്നു.

🥛 ഫീൽഡ് തല പരിശോധനയിൽ 6 തെങ്ങിൻ കുഴികൾ, 8ബണ്ടുകൾ,

2 മഴക്കുഴികൾ എന്നിവ കാണാൻ കഴിഞ്ഞു.

🥛 ഒരു പ്രവർത്തി സ്ഥലം കാടുപിടിച്ചും, മഴകുഴിയും തെങ്ങിൻ കുഴിയും മണ്ണുകൊണ്ട് നിറഞ്ഞതിനാലും എണ്ണിത്തിട്ടപ്പെടുത്താൻ പറ്റാത്ത അവസ്ഥയിലായിരുന്നു.

🥛 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.

🥛 പ്രവർത്തിയിലൂടെ നടപ്പിലാക്കിയ പ്രവർത്തികൾ കാണാൻ സാധിക്കാത്തത് ധനം ദുർവിനിയോഗം ചെയ്തതായി കണക്കാക്കുന്നു.







3. കിണർ നിർമ്മാണം (DW/321706)

- 🥛 അവിദഗ്ധ അർധവിദഗ്ധ തൊഴിലാളികളുടെ മസ്റ്ററോളുകൾ ഉണ്ടായിരുന്നു. ഒരു മസ്റ്ററോളിലും തൊഴിൽ ഉപകരണങ്ങളുടെ വാടക എത്രയെന്ന് രേഖപ്പെടുത്തിയിട്ടില്ല.
- 🥛 നാലുപേരുടെ ഡിമാൻഡ് ഫോം ഉണ്ടായിരുന്നു എല്ലാ തൊഴിലാളികൾക്കും ജോലി ലഭിച്ചിട്ടുണ്ട്.
- 🥛 മെഷർമെൻറ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഉണ്ട്.
- 🥛 സൈറ്റ് ഡയറിയിൽ പ്രവർത്തി ആരംഭിച്ച തീയതിയും അവസാനിച്ച തീയതിയും രേഖപ്പെടുത്തിയിട്ടില്ല.
- 🥛 വിഎംസി റിപ്പോർട്ട് സാക്ഷ്യപത്രം ഇവ ഇല്ല.
- 🥛 തൊഴിൽ ഉപകരണങ്ങളുടെ വാടക സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
- 🥛 മൂന്ന് ഘട്ടങ്ങളിലായി ഉള്ള ഫോട്ടോ സൈറ്റ് പ്ലാൻ എന്നിവ ഉണ്ടായിരുന്നു.
- 🥛 മെഷർമെൻറ് ബുക്കിൽ അർധ വിദഗ്ധ തൊഴിലാളികൾക്ക് 750 രൂപ കണക്കാക്കിയിട്ടുണ്ട് എന്നാൽ മസ്റ്ററോളിൽ 675 രൂപ എന്ന് കാണിച്ചിരിക്കുന്നു.

ഫീൽഡ്

- 🥛 മെഷർമെൻറ് ബുക്ക് പ്രകാരം 19.5 മീറ്റർ ആഴമുള്ള കിണർ നിർമ്മിച്ചു എന്നാണ് രേഖപ്പെടുത്തി കാണുന്നത്.
- 🥛 ഫീൽഡ് തല പരിശോധനയിൽ 7 മീറ്റർ ആഴം കിണറിന് ഉള്ളതായാണ് ബോധ്യപ്പെട്ടിട്ടുള്ളത്.
- 🥛 പ്രവർത്തിക്കാനായി 90826 രൂപ ചെലവഴിച്ചു.

4. കിണർ നിർമ്മാണം (DW/321705)

🥛 അവിദഗ്ധ അർധ വിദഗ്ധ തൊഴിലാളികളുടെ മസ്റ്ററോൾ ഉണ്ടായിരുന്നു.

🥛 ചെക്ക് ലിസ്റ്റിൽ പേജ് നമ്പർ രേഖപ്പെടുത്തിയിട്ടുണ്ട്. ആക്ഷൻപ്ലാൻ, ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ഉണ്ടായിരുന്നു എന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പും സീലും ഉണ്ടായിരുന്നില്ല.

🥛 8 പിരീഡ്കളിലുള്ള മസ്റ്ററോൾ ഉണ്ടായിരുന്നു അതിൽ മാറ്റിന്റെ ഒപ്പ് ദിവസവേതനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

🥛 മെഷർമെൻറ് ബുക്കിൽ അളവുകൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.

🥛 വേജ് ലിസ്റ്റ് ഉണ്ടായിരുന്നു. എഫ് ടി ഒ ട്രാൻസാക്ഷൻ ഡീറ്റെയിൽസ് പൂർണമായിരുന്നു.

🥛 മൂന്നു ഘട്ടത്തിലും ഫോട്ടോസ് ഉണ്ടായിരുന്നു

ഫീൽഡ്

🥛 മെഷർമെൻറ് ബുക്ക് പ്രകാരം 19.5 മീറ്റർ ആഴമുള്ള കിണർ നിർമ്മിച്ചു എന്നാണ് രേഖപ്പെടുത്തി കാണുന്നത്. ഫീൽഡ് തല പരിശോധനയിൽ 10 മീറ്റർ ആഴം കിണറിന് ഉള്ളതായാണ് ബോധ്യപ്പെട്ടത്.

🥛 ഉപഭോക്താവായ ബിന്ദുവിന് പദ്ധതിയിലൂടെ ലഭ്യമാകേണ്ട തുക ലഭിച്ചിട്ടില്ല. അന്വേഷണത്തിൽ നിന്ന് ഫണ്ട് ലഭ്യമാക്കുന്നതിന് കാലതാമസം ആണെന്നാണ് അറിയാൻ സാധിക്കുന്നത്.

🥛 പ്രവർത്തിക്കായി

90712 രൂപ ചെലവായി എന്നാണ് മെഷർമെൻറ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

5. കിണർ നിർമ്മാണം

( DW/321708)

ഫയൽ

🥛 അവിദഗ്ധ അർധവിദഗ്ധ തൊഴിലാളികളുടെ മസ്റ്റ്റോളുകൾ ഉണ്ടായിരുന്നു.

🥛 ഒരു മസ്റ്റ്റോളിലും മേറ്റ് ഒപ്പ് സാക്ഷ്യപ്പെടുത്തിയിട്ടില്ല ദിവസവേതനം എത്രയെന്ന് എഴുതിയിട്ടില്ല.

🥛 മസ്റ്ററോൾ പ്രകാരം 112 ദിവസത്തേക്ക് 675 രൂപ രേഖപ്പെടുത്തിയിരിക്കുന്നു എന്നാൽ മെഷർമെൻറ് ബുക്കിൽ 113 ദിവസം 750 രൂപ നിരക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു

🥛 മൂന്ന് ഘട്ടങ്ങളായി ഉള്ള ഫോട്ടോ ഉണ്ടായിരുന്നു.

🥛 സൈറ്റ് ഡയറിയിൽ പ്രവർത്തി ആരംഭിച്ച തിയതി, അവസാനിച്ച തീയതി, സാക്ഷ്യപത്രം തൊഴിൽ ഉപകരണങ്ങളുടെവാടക, വി എം സി റിപ്പോർട്ട്, വിസിറ്റേഴ്സ് റിപ്പോർട്ട് ഇവ ഇല്ലായിരുന്നു.

ഫീൽഡ്

🥛 മെഷർമെൻറ് ബുക്ക് പ്രകാരം 19.5 മീറ്റർ ആഴമുള്ള കിണർ നിർമ്മിച്ചു എന്നാണ് രേഖപ്പെടുത്തി കാണുന്നത് ഫീൽഡ്തല പരിശോധനയിൽ കിണറ്റിലെ ആഴം 13.6 മീറ്ററാണ്.

🥛 ഉപഭോക്താവായ ചെല്ലകണ്ണിന് പദ്ധതിയിലൂടെ ലഭ്യമാക്കേണ്ട തുക ലഭിച്ചിട്ടില്ല. അന്വേഷണത്തിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിന്റെ കാലതാമസമാണ് എന്നാണ് അറിയാൻ സാധിച്ചത്.

🥛 പ്രവർത്തിക്കായി 90712 രൂപ ചെലവഴിച്ചിട്ടുണ്ട്.

6. കിണർ നിർമ്മാണം (DW/321707)

ഫയൽ

- അവിദഗ്ധ അർധവിദഗ്ധ തൊഴിലാളികളുടെ മസ്റ്ററോളുകൾ ഉണ്ടായിരുന്നു.
- മസ്റ്ററോളിൽ രേഖപ്പെടുത്തലും സാക്ഷ്യപ്പെടുത്തലും ശരിയായരീതിയിൽ ഉണ്ടായിരുന്നില്ല.
- മൂന്നുപേരുടെ ഡിമാൻഡ് ഫോം ഉണ്ടായിരുന്നു.
- മെഷർമെൻറ് ബുക്കിൽ വർക്ക് കോഡും മെഷർമെൻറ് ബുക്ക് നമ്പരും ഉണ്ടായിരുന്നു.
- സൈറ്റ് ഡയറിയിൽ വർക്ക് കോഡ്, തൊഴിൽ ഉപകരണങ്ങളുടെ വാടക, സാക്ഷ്യപത്രം എന്നിവ ഒഴികെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.
- മൂന്നാംഘട്ടത്തിലെ ഫോട്ടോ വച്ചിട്ടില്ല

ഫീൽഡ്

- മെഷർമെൻറ് ബുക്ക് പ്രകാരം 19.5 മീറ്റർ ആഴമുള്ള കിണർ നിർമ്മിച്ചു എന്നാണ് രേഖപ്പെടുത്തി കാണുന്നത്. ഫീൽഡ് തല പരിശോധനയിൽ കിണറിന്റെ ആഴം 10 മീറ്റർ ആണ്.
- ഭൂപ്രകൃതി അനുസരിച്ച് പാറ നിറഞ്ഞ പ്രദേശമായതിനാൽ കയ്യിൽ നിന്നും മുതൽമുടക്ക് ആയി കുറച്ചധികം രൂപ ചെലവായി എന്നും പറഞ്ഞു.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു, വർക്ക് കോഡ് രേഖപ്പെടുത്തിയിട്ടില്ല.

**പൊതുവായ കണ്ടെത്തലുകൾ**

---

- **ഫയലുകളിലെ രേഖകൾ സൂക്ഷിച്ചിരിക്കുന്നത് ശരിയായ ക്രമത്തിൽ അല്ല.**

- **പരിശോധനയ്ക്ക് വിധേയമാക്കിയ ഫയലുകളിലെ മെഷർമെൻറ് ബുക്കുകൾ ഒന്നും തന്നെ സർട്ടിഫൈ ചെയ്തിട്ടില്ല.**

- **അർധവിദഗ്ധ, വിദഗ്ധ മസ്റ്ററോളുകൾ പൂർണമായ രേഖപ്പെടുത്തലുകളോടെ അല്ല സൂക്ഷിച്ചിരിക്കുന്നത്.**

- **മെഷർമെന്റ് ബുക്ക് മസ്റ്റ്റോൾ എന്നീ രേഖകളിലെ തിരുത്തലുകൾ അനുവദനീയമല്ല.**

- **കിണർ നിർമ്മാണം പോലുള്ള പ്രവർത്തികളിൽ തൊഴിലാളികൾക്ക് പ്രവൃത്തിയുമായി ബന്ധപ്പെട്ടുള്ള വ്യക്തമായ ധാരണ ലഭ്യമാകുന്നില്ല എന്ന് അറിയാൻ സാധിച്ചു**

**ഇക്കാര്യം പരിഗണിച്ചാൽ അളവുകളിൽ വ്യത്യാസം മറികടക്കാൻ സാധിച്ചേക്കും.**

- **ഭൂവികസന പ്രവൃത്തികളിൽ ശരിയായ വിധത്തിൽ പ്രവർത്തി നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും നിലവിൽ വിലയിരുത്താൻ സാധിക്കാത്ത നിലയിലാണ് ഭൂരിഭാഗം പ്രവർത്തി സ്ഥലവും.**

🔹 പഞ്ചായത്തിൽ സൂക്ഷിക്കേണ്ട 7 രജിസ്റ്ററുകളിൽ ഗ്രാമസഭാ രജിസ്റ്റർ ഓരോ വാർഡിലും ആവശ്യമാണ് എന്നാൽ ഇത്തരത്തിലൊരു രജിസ്റ്റർ ഉണ്ടായിരുന്നില്ല.

🔷നിർദ്ദേശങ്ങൾ

1. ഫയലുകളിൽ ഉള്ള രേഖകൾ കൃത്യതയോടെയും ശരിയായ ക്രമത്തിലും സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

2. കളിസ്ഥലം, നടപ്പാതകളുടെ നിർമ്മാണം മുതലായവ വാർഡ് തലത്തിൽ നടപ്പാക്കാവുന്നതാണ്.

3. പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രവർത്തികൾ നിയമഅനുസൃതമായ കാലയളവിൽ നിലനിൽക്കാൻ ഉതകുന്ന വിധം നടപ്പിലാക്കേണ്ടതാണ്.

4. ഭൂവികസനം പോലുള്ള പ്രവർത്തികൾ ഭൂവുടമയ്ക്ക് പ്രവർത്തിയെ സംബന്ധിക്കുന്ന വ്യക്തമായ ധാരണ നൽകിക്കൊണ്ട് നടപ്പിലാക്കേണ്ടതാണ്.

5. തൊഴിലാളികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഉറപ്പുവരുത്തി നൽകേണ്ടതാണ്.

ഗ്രാമസഭ പരാമർശങ്ങൾ

""""""""""""""""""""""""""""""

*ഗ്രാമസഭയിൽ പങ്കെടുത്ത ഭൂരിപക്ഷം തൊഴിലാളികളും ആവശ്യപ്പെട്ടത് 100 ദിവസത്തെ ജോലി വേണം എന്നതാണ്.

*പ്രവൃത്തിസമയം നാലുമണിവരെ ആക്കണമെന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു.

*തൊഴിലാളികൾക്ക് ആവശ്യമായ തൊഴിലിട സൗകര്യങ്ങൾ, സുരക്ഷാ സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തേണ്ടതാണ് .

*നിലവിൽ സുരക്ഷാസംവിധാനങ്ങൾക്കായി തൊഴിലാളികൾക്കിടയിൽ നിന്നുമാണ് തുക ഈടാക്കുന്നത്.

റിപ്പോർട്ട് തയ്യാറാക്കിയത്

1.ബി ആർ പി അനുശ്രീ

2. വി ആർ പി സൂര്യ

3..വി ആർ പി ശ്രീനു

4. വി ആർ പി ജിനി മോൾ